## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2644**      **14.02.2013-ലെ മറുപടിക്ക്**

## ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ സർവ്വകലാശാലയിലെ നിലവിലുള്ള ഗവേണിംഗ് ബോഡിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) 14 അംഗ ആരോഗ്യ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ വർഷത്തിൽ ചുരുങ്ങിയത് 4 തവണയെങ്കിലും യോഗം ചേരുകയും സർവ്വകലാശാലാ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സർവ്വകലാശാലയുടെ കീഴിൽ പുതിയ കോളേജുകൾ, കോഴ്സുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള അംഗീകാരം നൽകുന്നത് സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലാണ്. അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളിൽ ഗവേണിംഗ് കൗൺസിൽ പ്രത്യേക യോഗം ചേരുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ പ്രകടമാകുന്ന ഗുരുതരമായ നിലവാരത്തകർച്ചയുടെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;<br><br>(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഉയർന്ന വിജയശതമാനവും, സ്വകാര്യ-സ്വാശ്രയ കോളേജുകളിൽ ഭൂരിപക്ഷവും സമ്പൂർണ്ണപരാജയമോ. വിജയശതമാനം വളരെത്താഴെയോ ആണെന്നകാര്യം ഗൗരവമായിക്കാണുന്നുണ്ടോ ; | (ബി), (സി) & (ഡി)<br>സ്വകാര്യ സ്വാശ്രയ കോളേജുകളിൽ സർക്കാർ മെഡിക്കൽ കോളേജുകളെ അപേക്ഷിച്ച് താഴ്ന്ന വിജയശതമാനമാണ് കണ്ടുവരുന്നത്. സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടുന്ന എല്ലാ വിദ്യാർത്ഥികളും മെരിറ്റടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്നവരും ഉയർന്ന മെരിറ്റുള്ളവരുമാണ്. എന്നാൽ സ്വാശ്രയ കോളേജുകളിലെ 50 ശതമാനം കുട്ടികൾ മാത്രമാണ് ഈ രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്നത്. യോഗ്യതയുള്ള അദ്ധ്യാപകരും അടിസ്ഥാന സൗകര്യങ്ങളും സർക്കാർ മേഖലയിൽ കൂടുതലാണ്. |

| | |
|---|---|
| (ഡി) എങ്കിൽ, സർക്കാർ മെഡിക്കൽ കോളേജിനൊപ്പം സ്വാശ്രയസ്ഥാപനങ്ങളുടെ കോളേജുകളിലെ പഠനവും വിജയശതമാനവും ഉയർത്തുന്നതിന് എന്തെങ്കിലും നിബന്ധനകൾ മുന്നോട്ടുവച്ചിട്ടുണ്ടോ ; എങ്കിൽ, വിശദമാക്കുമോ ? | **ആരോഗ്യ സർവ്വകലാശാല നടത്തിയ മിന്നൽ പരിശോധനകളുടെയും പരീക്ഷാ ഫലങ്ങളുടെയും അടിസ്ഥാനത്തിൽ കുറഞ്ഞ വിജയ ശതമാനമുള്ള കോളേജ്** അധികൃതരുമായി സർവ്വകലാശാല ചർച്ച നടത്തുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിജയശതമാനം ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ആയത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് സർവ്വകലാശാല പരിശോധിച്ച് വരികയാണ്. കൂടാതെ അദ്ധ്യാപന നിലവാരം ഉയർത്തുന്നതിനുവേണ്ടി ഫാക്കൽറ്റി ഇംപ്രൂവ് മെന്റ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. അദ്ധ്യാപകർക്കുള്ള. പരിശീലനവും നടന്നുവരികയാണ്. |

**സെക്ഷൻ ഓഫീസർ**